സത്യം വദ

# KERALA VELLALA MAHA SABHA

(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)

Head Office : 11/303, Thottamon, P.B. No. 9, Ranni Post, Pathanamthitta, Kerala - 689 672. Phone : 0473-5227571
Regional Office : 1st Floor, Jayabharatham Buildings, Opp. Secretariate, Statue, Trivandrum - 695 001
www.kvms.info.com e-mail : generalsecretarykvms@gmail.com

ധർമ്മം ചര

സമുദായ ഗുരു
അയ്യാഗുരു സ്വാമികൾ

| President : | General Secretary : | Treasurer : |
|---|---|---|
| **N. MAHESAN.,** Rtd. RDO | **MANACAUD R. PADMANABHAN** | **RAJEEV THAZHAKKARA** |
| 42, Sneha Nagar, Kollamparambil, | No. 30, Harshan Nagar, Manacaud P.O., | Kanjirakatt, Thazhakkara |
| Mathra, Punalur, Kollam | Thiruvananthapuram - 695 009 | Mavelikkara, Alapuzha |
| Mob : 94472 11629 | Mob : 94473 88006, 94953 88000 | Mob : 94952 10001 |


*Date : 05-02-2018*

## സർക്കുലർ നം : 06/17–18

കേരള വെള്ളാള മഹാസഭ ഡയറക്ടർ ബോർഡിന്റെ 2017–18–ലെ ആറാമത് യോഗം 2018 ജനുവരി 28 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ന് മഹാസഭ പ്രസിഡന്റ് എൻ. മഹേശന്റെ അധ്യക്ഷതയിൽ കൊല്ലം, പുനലൂർ മാത്ര ഐ.ടി.സി. ഹാളിൽ കൂടുകയുണ്ടായി. ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം എന്നിവയോടുകൂടി ആരംഭിച്ച യോഗത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു.

2017 ഡിസംബർ 10 ഞായറാഴ്ച കൊല്ലം പുനലൂർ സ്വയംവര ആഡിറ്റോറിയത്തിൽ ബഹു. പത്തനംതിട്ട ജില്ലാ കോടതി വിധിക്ക് വിധേയമായി സംഘടിപ്പിച്ച കേരള വെള്ളാള മഹാസഭയുടെ വാർഷിക പൊതുയോഗവും പ്രതിനിധി സമ്മേളനവും വിജയിപ്പിച്ച എല്ലാ വെള്ളാള സമുദായ അംഗങ്ങൾക്കും മറ്റ് സമുദായ അഭ്യുദയകാംക്ഷികൾക്കും കെ.വി.എം.എസ്. ഡയറക്ടർ ബോർഡും വാർഷിക സമ്മേളന സ്വാഗത സംഘവും ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു.

യോഗ തീരുമാനങ്ങൾ കീഴ്ഘടകങ്ങളുടെ അറിവിലേക്കും നടപ്പിലാക്കുന്നതിനുമായി ചുവടെ ചേർക്കുന്നു.

1) കൊല്ലം പുനലൂരിൽ സംഘടിപ്പിക്കപ്പെട്ട സംസ്ഥാന വാർഷിക പൊതുയോഗത്തിന്റെ റിപ്പോർട്ടും, വരവ്–ചെലവ് കണക്കുകളും യഥാക്രമം ജനറൽ സെക്രട്ടറിയും, ട്രഷററും ബോർഡ് മുമ്പാകെ അവതരിപ്പിച്ചു. ആയത് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. (2018 ജനുവരി 28 ന് പുനലൂർ ഐ.ടി.സി. ഹാളിൽ സമ്മേളന സ്വാഗതസംഘം ചേർന്ന് റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ആയവ അംഗീകരിച്ച് പാസാക്കിയതിനെത്തുടർന്ന് സ്വാഗതസംഘം ഔദ്യോഗികമായി പിരിച്ചുവിട്ടു)

2) മുൻ യോഗ റിപ്പോർട്ടും, റിപ്പോർട്ട് കാലാവധിക്കുള്ളിൽ നടന്ന പ്രവർത്തന റിപ്പോർട്ടും ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. ആയത് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

3) കെ.വി.എം.എസ്. എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന്, വയ്യാറ്റുപുഴ വി.കെ.എൻ.എം. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ കൂടിയായ മഹാസഭ പ്രസിഡന്റിനെയും, സെക്രട്ടറി പി.എ. ചന്ദ്രപ്പൻ പിള്ളയെയും (മഹാസഭ വൈസ് പ്രസിഡന്റ്) യോഗം ചുമതലപ്പെടുത്തി.

4) മഹാസഭയുടെ നിബന്ധന 39 പ്രകാരം കോ–ഓപ്റ്റ് ചെയ്യപ്പെട്ട എറണാകുളം സി.ജി. കൃഷ്ണൻകുട്ടി, കോട്ടയം കെ.ബി. സാബു, തൊടുപുഴ കെ.പി. രാജേന്ദ്രൻ, ചെങ്ങന്നൂർ എ. ശശികുമാർ, സീതത്തോട് വേണുഗോപാലപിള്ള എന്നീ ബോർഡംഗങ്ങളുടെ കാലാവധി നിബന്ധന 57 പ്രകാരം അവസാനിച്ചതിനാൽ മഹാസഭയുടെ ബൈല പ്രകാരം പ്രസ്തുത അംഗങ്ങളുടെ കാലാവധി പുതുക്കി നിശ്ചയിച്ചു.

5) മഹാസഭയുടെ കീഴ്ഘടകങ്ങൾക്ക് ബാങ്കിലൂടെയുള്ള ക്രയവിക്രയങ്ങൾക്ക് പാൻകാർഡ് നിർബന്ധമാക്കിവരുന്ന സാഹചര്യം കണക്കിലെടുത്ത്, മഹാസഭയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയതോ, നാളിതുവരെ ലഭിക്കാത്തതോ ആയ കീഴ്ഘടകങ്ങൾ, അവരുടെ വരികുടിശ്ശിക ഉണ്ടെങ്കിൽ അടച്ചുതീർത്ത്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് സഹിതം മഹാസഭയ്ക്ക് അപേക്ഷ നൽകുന്നപക്ഷം, മഹാസഭയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും കത്തും നൽകുവാൻ തീരുമാനിച്ചു. (കീഴ്ഘടകങ്ങൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് മഹാസഭയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

മഹാസഭ വൈസ് പ്രസിഡന്റ് പി.എ. ചന്ദ്രപ്പൻപിള്ള നന്ദി പ്രകാശിപ്പിച്ച് യോഗം ഉച്ചതിരിഞ്ഞ് 3.30 ന് അവസാനിച്ചു.

**മണക്കാട് ആർ. പത്മനാഭൻ**
ജനറൽ സെക്രട്ടറി

### പ്രതിഭകളുടെ ശ്രദ്ധയ്ക്ക്

2018 ജനുവരിയിൽ തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ എ ഗ്രേഡ് നേടിയിട്ടുള്ള വിജയികളുടെ ഫോട്ടോയും വിശദവിവരങ്ങളും ഒപ്പം അവർക്ക് ലഭിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ഉപസഭയിൽ നിന്നുള്ള ശുപാർശ കത്തും സഹിതം പത്രാധിപസമിതിക്ക് തപാലാക്കേണ്ടതാണ്. രചനാ മത്സരങ്ങളിൽ സമ്മാനം നേടിയവർ അവരുടെ രചനകൾ തപാലാക്കിയാൽ ശബ്ദത്തിന്റെ പേജുകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് അവ പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുന്നതാണ്.